# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2867** **18.06.2018 ലെ മറുപടിയ്ക്ക്**

**എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപക പരിശീലനം**

| **ചോദ്യം**<br>ശ്രീ. ഇ.കെ.വിജയൻ | **മറുപടി**<br>**പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|
| (എ) എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതയോടൊപ്പം അധ്യാപക പരിശീലനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് സാങ്കേതിക വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികളെ പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്താൻ സഹായിക്കുന്ന രീതിയിൽ രൂപപ്പെടുത്തിയെടുക്കുവാനും ഉതകുന്ന ബഹുവിധ പരിശീലനങ്ങൾ ഫാക്കൽറ്റി ആന്റ് സ്റ്റാഫ് ഡെവലപ്പ്മെന്റ് ട്രെയിനിംഗ് സെന്റർ (FSDTC), ഷോട്ട് ടേം ട്രെയിനിംഗ് പ്രോഗ്രാം (STP), എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി നൽകിവരുന്നുണ്ട്. |
| (ബി) ഉണ്ടെങ്കിൽ നിലവിലെ രീതിയിൽ ഏതാനും ദിവസത്തെ പരിശീലനം മാറ്റി അഡ്വാൻസ്ഡ് ടെക്നോളജിയും ടീച്ചിംഗ് മെത്തേഡും സ്വായത്തമാക്കുന്ന രീതിയിലുള്ള അധ്യാപക പരിശീലനം നൽകുമോ;<br>(സി) നിലവാരം മെച്ചപ്പെടുത്തുന്നതിന് മറ്റ് അധ്യാപകർക്ക് നൽകുന്ന രീതിയിലുള്ള പരിശീലനം മുൻകാലങ്ങളിൽ നടപ്പിലാക്കിയത് പോലെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) & (സി) അദ്ധ്യാപക പരിശീലന പരിപാടികൾ മുഴുവൻ അദ്ധ്യാപകർക്കും അവർ ജോലിയിൽ പ്രവേശിക്കുന്നതു മുതൽ കൃത്യമായ ഇടവേളകളിൽ നൽകുന്നതിനായി 'അക്കാദമിക് സ്റ്റാഫ് കോളേജ്' രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 'അക്കാദമിക് സ്റ്റാഫ് കോളേജ്' സുസജ്ജമാകുമ്പോൾ ടീച്ചിംഗ് മെത്തേഡ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ മതിയായ പരിശീലനം എല്ലാ അദ്ധ്യാപകർക്കും നൽകുവാൻ സാധിക്കും.<br>എപിജെ അബ്ദുൾകലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാല, എഞ്ചിനീയറിംഗ് കോളേജിലെ അധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസൃതമായുള്ള അധ്യാപക പരിശീലനം നൽകുന്നുണ്ട്. അഡ്വാൻസ്ഡ് ടെക്നോളജിയും ടീച്ചിങ് മെത്തേഡും സ്വായത്തമാക്കുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പരിശീലനമാണ് നൽകി വരുന്നത്. ഇതിനാവശ്യമായ തുക സർവ്വകലാശാല ബഡ്ജറ്റിൽ ഓരോ വർഷവും വകയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ